(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പഞ്ചായത്തുതന്നെയാണ് ഈ സ്കൂളുകളിലെ നിയമനം നടത്തുന്നത്. പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി പൂർത്തിയായിട്ടില്ല.

(ഡി) മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നിയമനം സ്വകാര്യ സ്കൂളുകളിലും ബാധകമാക്കിയതു കൊണ്ട് പഞ്ചായത്തു മാനേജ്മെന്റ് ആയ സ്കൂളുകളിലും നിയമനത്തിന് അർഹതയുണ്ട്. പഞ്ചായത്ത് സെക്രട്ടറിക്കും ഭരണസമിതിക്കും ഇതിന് അധികാരമുണ്ട്.

44 (460) എൽ.പി., യു.പി. അസിസ്റ്റന്റ് നിയമനം

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റവന്യൂ ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിനകം എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) 1999-2000 അദ്ധ്യയന വർഷത്തിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) അതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചു;

(ഇ) ജോലിയിൽ പ്രവേശിക്കാത്തവരുടെ പേരുവിവരം യഥാസമയം പി.എസ്.സി യെ അറിയിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള നടപടി കൈക്കൊള്ളുമോ;

(ജി) പ്രസ്തുത ജില്ലയിൽ എൽ.പി./യു.പി. അദ്ധ്യാപക തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; അവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ കാരണമെന്ത്; അടിയന്തിരമായി അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഐ) പ്രസ്തുത ജില്ലയിൽ നടപ്പു അദ്ധ്യയന വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം എൽ.പി/യു.പി. അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ടോ; റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ജെ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശപ്രകാരം എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ;

(കെ) പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ അപ്രകാരം ചെയ്യുന്നത് ക്രമപ്രകാരമാണോ;

(എൽ) ക്രമപ്രകാരമല്ലാത്ത നിയമനങ്ങൾ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1065 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) 125 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) ജോയിനിംഗ് റിപ്പോർട്ടുകൾ ലഭ്യമായതിനു ശേഷമേ എണ്ണം കണക്കാക്കുവാൻ കഴിയൂ.

(ഇ)&(എഫ്) നിലവിലുള്ള രീതിയിൽ ഒരു ഗ്രൂപ്പ് നിയമനം നടത്തിയതിനു ശേഷം ഉണ്ടാകുന്ന സ്ഥിരംഒഴിവുകൾ കണക്കാക്കി പി.എസ്.സി.യെ അറിയിക്കുമ്പോഴാണ് ജോലിയിൽ പ്രവേശിക്കാത്തവരുടെയും വിവരങ്ങൾ പി.എസ്.സി.ക്ക് നൽകുന്നത്.

1999-2000 അദ്ധ്യയന വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ഉദ്ദേശം 120-ൽപ്പരം പി.ഡി.ടീച്ചർമാരുടെ തസ്തിക വിദ്യാർത്ഥികളുടെ കുറവുമൂലം കുറവുണ്ടായി. ഇതിനു പുറമെ 25 ൽപ്പരം അധ്യാപകർ ബി.എഡ്. ട്രെയിനിംഗ് വേക്കൻസിയും പ്രസവാവധിമൂലം ഉണ്ടായ വേക്കൻസിയിലും വർക്ക് ചെയ്തുകൊണ്ടിരിക്കുകയാണ്.

(ജി)&(എച്ച്) ഡെപ്യൂട്ടി ഡയറക്ടർമാരുടെ റിപ്പോർട്ട് അനുസരിച്ച് ഇപ്പോൾ അദ്ധ്യാപക തസ്തികകളിൽ ഒഴിവുകൾ ഇല്ല. ഒഴിവ് ഉണ്ടാകുമ്പോൾ 65% പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെടുന്നതായിരിക്കും.

(ഐ) നടപ്പ് അദ്ധ്യയനവർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടില്ല.

(ജെ)-(എൽ) ഇല്ല.

45 (462) പ്രൈവറ്റായി പരീക്ഷ എഴുതുവാൻ അനുവാദം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്വകാര്യ സ്കൂളുകളിൽ കുട്ടികൾക്ക് പ്രൈവറ്റായി പരീക്ഷ എഴുതുവാൻ ഈ അദ്ധ്യയന വർഷത്തിൽ അനുവാദം നല്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച അറിയിപ്പ് എല്ലാതലങ്ങളിലുമുള്ള വിദ്യാഭ്യാസ ആഫീസർമാർക്ക് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പൊതുജനങ്ങൾക്ക് അറിയാൻ കഴിയുന്ന വിധത്തിൽ ആവശ്യമായ പത്രപരസ്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) അതാതു സ്കൂളിൽ അനുവദിക്കുന്നതല്ല.

(ബി)&(സി) പത്രക്കുറിപ്പ് ഇതിനകം രണ്ടു പ്രാവശ്യം നൽകി കഴിഞ്ഞിട്ടുണ്ട്.

46 (463) ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly